ജില്ല	എണ്ണം
തിരുവനന്തപുരം	56,935
കൊല്ലം	36,130
പത്തനംതിട്ട	8,674
ആലപ്പുഴ	18,365
കോട്ടയം	11,836
ഇടുക്കി	13,929
എറണാകുളം	46,867
തൃശ്ശൂർ	33,114
പാലക്കാട്	34,266
മലപ്പുറം	27,219
കോഴിക്കോട്	11,645
വയനാട്	7,301
കണ്ണൂർ	24,136
കാസർഗോഡ്	28,621
ആകെ	3,59,038

ഏലമലക്കാട്ടുകൾ

193 (1273) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏലമലക്കാട്ടുകൾ സംരക്ഷിത വനമാണോ; ഇതുസംബന്ധിച്ച് സുപ്രീം കോടതിയുടെയും ഹരിത ട്രൈബ്യൂണലിന്റെയും വിധി എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏലമലക്കാടുകൾ സംരക്ഷിത വനമായി പ്രഖ്യാപിച്ചത് എന്നാണ് ; 2005 -ലെ ഇതുസംബന്ധമായ സുപ്രീം കോടതി വിധി പ്രസ്താവം എന്തായിരുന്നു;

(സി) ശ്രീ. രാജൻ മധേക്കർ റിപ്പോർട്ടിലെ ഏലമലക്കാടുകൾ സംബന്ധിച്ച കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; നിലവിൽ ഏലമലക്കാടിൽ എത്ര പട്ടയങ്ങൾ വ്യാജമായി നൽകപ്പെട്ടതായി കണ്ടെത്തുകയുണ്ടായി;

(ഡി) ഏലമലക്കാടുകളെ റവന്യൂ ഭൂമിയായി മാറ്റുന്നതിന് എന്തെങ്കിലും നടപടി നിലവിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ശ്രീ. രാജൻ മധേക്കർ റിപ്പോർട്ടിൽ ഏലമലക്കാടുകൾ സംബന്ധിച്ച് യാതൊരു പരാമർശവും ഇല്ല. ബാധകമല്ല.

(ഡി) 1956 നവംബർ 1-ന് ഏലമലക്കാടുകൾ ഉൾപ്പെടുന്ന ഉടുമ്പൻചോല താലൂക്ക് രൂപം കൊള്ളുമ്പോൾ മുഴുവൻ ഭൂമിയും റവന്യൂ ഭരണത്തിൻകീഴിലായിരുന്നു.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

194 (1275) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി ഭൂമിയില്ലാത്തവരായി എത്രപേരെ കണ്ടെത്തിയിട്ടുണ്ടെന്നും അവരിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ടെന്നും വിശദമാക്കുമോ;

(ബി) ഇവരിൽ ഇതുവരെ എത്രപേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് ഭൂമി വിതരണം ചെയ്യാനുണ്ടെന്നും പറയാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മുമ്പ് വിതരണം ചെയ്ത ഭൂമി വാസയോഗ്യമല്ലെന്ന് കണ്ടെത്തിയ പരാതികൾ പരിഗണിച്ച് പരാതിക്കാർക്ക് വാസയോഗ്യമായ ഭൂമി നൽകുന്നത് എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly